പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

2019 ഒക്ടോബർ 29 , ചൊവ്വ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## മെഡിസെപ്

ചോദ്യം : 506
ശ്രീ.ഷാഫി പറമ്പിൽ

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി ആവിഷ്കരിച്ച മെഡിസെപ് പദ്ധതി 2019 ഏപ്രിൽ മുതൽ നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തിരം 01.08.2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി , 15.07.2019 ലെ സ.ഉ (പി)നം .87/2019/ധന ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി (REQUEST FOR PROPOSAL) യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. |
| (ബി) | മെഡിസെപ്പിൽ ടെൻഡർ നേടിയ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനിയുടെ കരാർ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | |
| (സി) | ചികിത്സാ നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് പുതിയ സമിതി രൂപീകരിച്ചിട്ടുണ്ടോ; അതിന്റെ റിപ്പോർട്ട് എന്നത്തേക്ക് നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | കമ്മിറ്റി രൂപീകരണ നടപടികൾ പുരോഗമിക്കുന്നു . |
| (ഡി) | ആശുപത്രികൾക്ക് നൽകേണ്ട ചികിത്സാ നിരക്ക് വർദ്ധന മെഡിസെപ് പ്രീമിയം കൂട്ടുന്നതിന് ഇടയാക്കില്ലേ; ഈ വർദ്ധനവ് ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും ഈടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ചികിത്സാ നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് രൂപീകരിക്കുന്ന കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പ്രീമിയം നിരക്ക് വർധിപ്പിക്കുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാകുകയുള്ളൂ . |

| | | |
|---|---|---|
| (ഇ) | ടെൻഡർ നടപടികൾ അടിയന്തരമായി ആരംഭിച്ച് മെഡിസെപ് പദ്ധതി കാലവിളംബം കൂടാതെ നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | മെഡിസെപ് പദ്ധതിയുടെ ടെൻഡറിനു മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**